**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 254** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോ; അറിയിക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾസ് തയാറാക്കുന്നതിനുമായി ആറ് അംഗങ്ങളുള്ള ഒരു കോർ കമ്മിറ്റി 23-02-2022 ലെ സഉ (സാധാ) നം.1030/2022 പൊവിവ സർക്കാർ ഉത്തരവു പ്രകാരം (അനുബന്ധം) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയിൽ മാറ്റം വരുത്താൻ നിർദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവ.സെക്രട്ടറിയേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി കോർ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.1030/2022/GEDN തീയതി,തിരുവനന്തപുരം, 23-02-2022

പരാമർശം:- 1. സ.ഉ.(സാധാ) നം.3779/2017/പൊവിവ തീയതി 03.10.2017

2. സ.ഉ.(കൈ) നം.53/2019/പൊ.വി.വ തീയതി.31/05/2019

3. സ.ഉ.(സാധാ) നം.4976/2019/പൊവിവ തീയതി 20.11.2019

**ഉത്തരവ്**

2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച ആക്ട് സംസ്ഥാനത്ത് പൂർണമായി നടപ്പിലാക്കുന്നതിനോടൊപ്പം പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് പരിഷ്കരണങ്ങൾ ആവശ്യമുള്ളപക്ഷം അതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി പ്രൊഫ.ഡോ.എം.എ.ഖാദർ അധ്യക്ഷനായ ഒരു വിദഗ്ധ സമിതിയെ പരാമർശം (1) പ്രകാരം നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി സർക്കാരിൽ സമർപ്പിച്ച ഒന്നാം ഭാഗം റിപ്പോർട്ടിൽ ഉണ്ടായിരുന്ന ശുപാർശ അംഗീകരിച്ച് സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടേറ്റുകളെ സംയോജിപ്പിച്ചുകൊണ്ട് ഡയറക്ടേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പൊതുസംവിധാനം പരാമർശം (2) പ്രകാരം രൂപീകരിച്ചു.

തുടർന്ന്, ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ പുനർവിന്യാസം, സ്പെഷ്യൽ റൂളുകൾ തയ്യാറാക്കൽ, വിദഗ്ധ സമിതിയുമായി ബന്ധപ്പെട്ട കോടതി കേസുകൾ, കെ.ഇ.ആർ ഭേദഗതികൾ, വിവരാവകാശ അപേക്ഷകൾ എന്നീ ജോലികൾ നിർവ്വഹിക്കുന്നതിനായി ഗവ.സെക്രട്ടറിയേറ്റിൽ ഒരു പ്രത്യേക സെൽ പരാമർശം (3) പ്രകാരം രൂപീകരിച്ചു. ഈ സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കോർ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്താൻ സീമാറ്റ് കേരളയുടെ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡോ.സി രാമകൃഷ്ണൻ, പാലാട്ട് വീട്, പീലിക്കോട് പി.ഒ, കാസർഗോഡ് (വിദ്യാഭ്യാസ വിദഗ്ധൻ- വിദഗ്ധ സമിതി)

2. ശ്രീ.ജി ജ്യോതിച്ചൂഡൻ, (റിട്ട.സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്, വിദഗ്ധ സമിതി അംഗം)

3. ശ്രീ.കെ സി ഹരികൃഷ്ണൻ, (റിട്ട.അദ്ധ്യാപകൻ), വിദ്യാഭ്യാസ വകുപ്പ്

4. ശ്രീ.പത്മരാജ് സി.പി (റിട്ട.സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദ്യാഭ്യാസ വകുപ്പ്)

5. ശ്രീ. ആർ. മുരളീധരൻപിള്ള, (റിട്ട. ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ വകുപ്പ്)

6. ശ്രീ.സുരേഷ് കുമാർ എ.കെ, (ഹയർ സെക്കണ്ടറി വിഭാഗത്തിലെ സീനിയർ പ്രിൻസിപ്പൽ, നിലവിൽ സമഗ്രശിക്ഷയിലെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ)

(ഗവർണറുടെ ഉത്തരവിൻ പ്രകാ
എ പി എം മുഹമ്മദ് ഹ
പ്രിൻസിപ്പൽ സെക്ര

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ് കേരള, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തീരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് ,
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.